# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1060 28.04.2017 -ലെ മറുപടി

# നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി വളവിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ വർക്കുകൾ ടെണ്ടർ വിളിച്ചതിന് ശേഷം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലായി വളവിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ വർക്കിന്റെ ടെണ്ടർ നോട്ടീസിൽ വന്ന അപാകത മൂലം പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകി. |
| (ബി) | ഈ പ്രവൃത്തിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഒരേ കരാറുകാർ തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെങ്കിൽ പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | മെക്കാനിക്കൽ എസ്റ്റിമേറ്റ് ലഭിക്കുന്നതിന് താമസം നേരിട്ടതിനാലാണ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സിവിൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തത്.<br>ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി super structure പ്രവൃത്തി ആരംഭിക്കുന്നതിനോടൊപ്പമാണ് മെക്കാനിക്കൽ പ്രവൃത്തി നടത്തേണ്ടത്. ആയതിനാൽ സൂപ്പർ സ്ട്രക്ച്ചർ പ്രവൃത്തിയോടൊപ്പം മെക്കാനിക്കൽ പ്രവൃത്തി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ മെക്കാനിക്കൽ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ